# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ദൈവം

**യൂണിറ്റ് C**

## പഠനം 1. ന്യായം വിധിക്കയും രക്ഷിക്കയും ചെയ്യുന്ന ദൈവം

പേര്: ..........................................................

**താക്കോൽവാക്യം: 2 പത്രൊസ് 2:9,10**

**" കർത്താവു ഭക്തന്മാരെ പരീക്ഷയിൽ നിന്നു വിടുവിപ്പാനും നീതികെട്ടവരെ, വിശേഷാൽ മലിനമോഹം കൊണ്ട് ജഡത്തെ അനുസരിച്ചു നടക്കയും കർത്തൃത്വത്തെ നിന്ദിക്കയും ചെയ്യുന്നവരെ തന്നേ, ന്യായവിധി ദിവസത്തിലെ ദണ്ഡനത്തിനായി കാപ്പാനും അറിയുന്നുവല്ലോ"**

**വായിക്കുക: ഉല്പത്തി 6:5-22**

"രക്ഷിതാവ്", "വിടുവിക്കുന്നവൻ", "വീണ്ടെടുപ്പുകാരൻ" തുടങ്ങിയ വിശേഷണനാമങ്ങളെല്ലാം മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുവാൻ കഴിയുന്ന ഒരുവൻ എന്ന നിലയിൽ, പ്രധാനമായും ദൈവത്തെക്കുറിച്ച് പറയുവാൻ ഉപയോഗിച്ചിട്ടുള്ളവയാണ്. പഴയനിയമചരിത്രത്തിൽ, യിസ്രായേൽജനം തങ്ങളുടെ വിഷമഘട്ടങ്ങളിൽ പലപ്പോഴും ദൈവത്തോട് സഹായത്തിനായും കഷ്ടതകളിൽനിന്നുള്ള വിടുതലിനായും നിലവിളിക്കുന്നതായി കാണാം *(പുറപ്പാട് 2:23&24 കാണുക)*. എന്നിരുന്നാലും സാഹചര്യങ്ങളുടെ ഗൗരവം ദൈവം മാത്രം അറിഞ്ഞിരുന്ന പ്രത്യേക സന്ദർഭങ്ങളും ധാരാളമുണ്ടായിട്ടുണ്ട്. തങ്ങൾക്കു വന്നു ഭവിക്കുവാൻ പോകുന്ന അപകടസ്ഥിതിയെക്കുറിച്ച് അറിവില്ലാത്തവരായും, അറിഞ്ഞിട്ടും അതിനു വേണ്ടത്ര ശ്രദ്ധ കൊടുക്കാത്തവരായും ജനം നില കൊണ്ട പല സന്ദർഭങ്ങളിലും, ദൈവം തന്നേ മുൻകൈ എടുത്ത് തൻറേതായ പ്രത്യേക രീതിയിൽ അവർക്ക് വിടുതൽ നൽകിയിട്ടുണ്ട്.

### ന്യായവിധി

സൃഷ്ടിപ്പിന്റെ സമയത്ത് താൻ ഉണ്ടാക്കിയ എല്ലാറ്റിനെയും നോക്കിയിട്ട് അതിനെക്കുറിച്ചെല്ലാം "എത്രയും നല്ലത്" *(ഉല്പത്തി 1:31)* എന്നായിരുന്നു ദൈവം വിലയിരുത്തിയിരുന്നത്. എങ്കിലും ചില നൂറ്റാണ്ടുകൾക്കുള്ളിൽ തന്നേ അതെല്ലാം വഷളായിത്തീർന്നു. ആദാമിനും ഹവ്വയ്ക്കും സൃഷ്ടിജാലങ്ങളിന്മേലുണ്ടായിരുന്ന നിയന്ത്രണം നഷ്ടപ്പെട്ടുപോയി. അവർ ദൈവവചനത്തോട് അനുസരണക്കേടു കാണിച്ചുകൊണ്ട് പാപം ചെയ്തതിനാൽ, അവർക്കു ദൈവവുമായുണ്ടായിരുന്ന പ്രത്യേക ബന്ധം നഷ്ടമായിത്തീർന്നു *(ഉല്പത്തി 3: 17, 23)*. ക്രമേണ, അവരുടെ പാപത്തിന്റെ അനന്തരഫലങ്ങൾ സകല സൃഷ്ടികളിലേയ്ക്കും വ്യാപിക്കുവാൻ തുടങ്ങി. അസൂയ, അത്യാഗ്രഹം, ഗർവ്വം തുടങ്ങിയ ദോഷഫലങ്ങൾ മനുഷ്യരാശിയുടെ സ്വഭാവമായി മാറി; അതിക്രമങ്ങളും അധാർമ്മികതയും ഏറ്റവും വർദ്ധിച്ചു. ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേയ്ക്കു നോക്കിയപ്പോൾ "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയത്" *(ഉല്പത്തി 6: 5)* എന്നു കണ്ടു. മനുഷ്യരാശി മുഴുവൻ വഷളത്വം കൊണ്ടും ദുഷ്ടത കൊണ്ടും ദോഷങ്ങളുടെ ഒരു കലവറയായിത്തീർന്നിരുന്നു. ദൈവം നീതിമാനാകയാൽ പാപത്താൽ മലിനമായിത്തീർന്ന ആ ജനത്തെ മുഴുവൻ നശിപ്പിച്ചുകളയേണ്ടിവരുമെന്ന് അവൻ അറിഞ്ഞു. അവരുടെ പാപത്തെക്കുറിച്ച് ദൈവത്തിനു വലിയ ദു:ഖം തോന്നിയെങ്കിലും, താൻ സൃഷ്ടിച്ച ലോകത്തെ മുഴുവൻ നശിപ്പിച്ചുകളയുക എന്നത് അവന്റെ പദ്ധതിയായിരുന്നില്ല. അതിനാൽ, ദൈവം ആ മനുഷ്യർക്ക് അവരുടെ പാപത്തിൽ നിന്നു പിന്തിരിയുന്നതിനും, അനുസരിക്കാത്തവരുടെമേൽ അവൻ വരുത്തുവാൻ പോകുന്ന ന്യായവിധിയിൽ നിന്നു അവർ വിടുവിക്കപ്പെടുന്നതിനും, മതിയായ സമയവും അവസരവും നൽകി *(1 പത്രൊസ് 3:20)*.

ഈ ന്യായവിധിയുടെ വ്യാപ്തി എത്രത്തോളം എന്ന് യഹോവയ്ക്കു മാത്രമേ അറിയുമായിരുന്നുള്ളൂ. എന്നാൽ അവൻ ഈ സത്യം, "ദൈവത്തോടു കൂടെ നടന്ന" *(ഉല്പത്തി 6:9)* ഒരു മനുഷ്യനു അറിയിച്ചുകൊടുത്തു. അവന്റെ ജീവിതം യഹോവയ്ക്കു പ്രസാദമുള്ളതായിരുന്നു. അതിനാൽ ദൈവം അവനെ വരുവാൻ പോകുന്ന ന്യായവിധിയിൽ നിന്നു വിടുവിച്ചു രക്ഷിക്കും എന്ന് അവനു വാഗ്ദത്തം നൽകി. അവന്റെ പേരാണ് നോഹ.

### രക്ഷ


ദൈവം നോഹയെയും തുടർന്ന് സകല മനുഷ്യവർഗ്ഗത്തെയും ഈ ഭൂമിയിൽ നിലനിർത്തുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും ഒരുക്കിക്കൊടുത്തു. അവൻ നോഹയ്ക്ക് ഒരു പെട്ടകം ഉണ്ടാക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾനൽകി. അതിന്റെ പണി പൂർത്തിയായിക്കഴിഞ്ഞപ്പോൾ, അവൻ നോഹയെയും അവന്റെ കുടുംബത്തെയും സകല പക്ഷിമൃഗാദികളെയും പെട്ടകത്തിൽ കയറ്റി, അതിന്റെ വാതിൽ അടച്ചു *(ഉല്പത്തി 7:16)*. പെട്ടകത്തിനുള്ളിൽ എല്ലാം സുരക്ഷിതമായിരുന്നു. പെട്ടകത്തിനുള്ളിൽ കയറിയ മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും തങ്ങളുടെ സുരക്ഷയ്ക്കായും ആഹാരത്തിനായും ദൈവത്തിൽ ആശ്രയിക്കുവാൻ സാധിച്ചു.

ജലപ്രളയം എന്നത് ഒരു ബാബിലോന്യ കെട്ടുകഥയല്ല; പുരാതന എഴുത്തുകളിൽ, വരുവാനുള്ള നാശത്തെ ചിത്രീകരിച്ചു കാണിച്ചിട്ടുള്ള ഒരു പ്രതീകാത്മക ചിത്രീകരണവുമല്ല. അത് ചരിത്രാതീതകാലത്ത് നടന്നതായി പറയപ്പെടുന്നതും പാതി ഓർമ്മയിൽ നിന്നും പാതി ഭാവനയിൽ നിന്നും രൂപപ്പെടുത്തിയെടുത്തിട്ടുള്ള ഒരു ദുരന്തകഥയുമല്ല. പാപത്താൽ വഷളായിപ്പോയ ഈ ഭൂമിമേലും അതിലെ സകല നിവാസികളുടെ മേലും മുകളിൽ ആകാശത്തിൽ നിന്നും കീഴെ ആഴിയുടെ ഉറവുകളിൽ നിന്നും വെള്ളം പ്രവഹിച്ച് മഹാ ജലപ്രളയമായി അതി ശക്തിയോടെ ആഞ്ഞടിച്ച ഒരു ദിവസത്തെക്കുറിച്ച് "കൃത്യമായ ഒരു ദിവസത്തെക്കുറിച്ച്" ***ഉല്പത്തി 7: 11ൽ*** പറഞ്ഞിട്ടുണ്ട്. "പെട്ടകം വെള്ളത്തിൽ ഒഴുകിത്തുടങ്ങിയപ്പോൾ," നോഹയുടെ കണ്ണ് ഭൂമിയിൽ മനുഷ്യർക്കുണ്ടായ പരിഭ്രാന്തിയെയോ നാശത്തെയോ കണ്ടിരിക്കയില്ല. അതുപോലെ തന്നേ, അവന്റെ ചെവി, അവൻ അവരോടു പ്രസംഗിച്ച വചനങ്ങളെ അവഗണിച്ചുകളഞ്ഞവരുടെ നിലവിളിശബ്ദവും കേട്ടിട്ടുണ്ടായിരിക്കയില്ല. നോഹയും അവന്റെ കുടുംബവും സകല പക്ഷിമൃഗാദികളും ആ പെട്ടകത്തിനുള്ളിൽ സുരക്ഷിതരായിരുന്നു. അവർക്ക് സുരക്ഷിതത്വത്തിന്റെയും വിടുതലിന്റെയും മാർഗ്ഗം കാണിച്ചുകൊടുത്ത ദൈവത്തെ അവർ പൂർണ്ണമായി വിശ്വസിക്കുകയും അവനിൽ ആശ്രയിക്കുകയും ചെയ്തു. ക്രമേണ പ്രളയജലം പൂർണ്ണമായും വറ്റി ഭൂതലം ഉണങ്ങിയപ്പോൾ, നോഹയും കുടുംബവും, കുറച്ചുകാലത്തേയ്ക്കെങ്കിലും ദുഷ്ടതയും വഷളത്വവും അഭക്തിയും ഒഴിഞ്ഞു, ശുദ്ധമായ ഒരു ലോകത്തിലേയ്ക്ക് പ്രവേശിച്ചു *(8:15-19)*.

### നോഹയുടെ വിശ്വാസം

ഭൂവാസികളെ മുഴുവൻ ദൈവം ജലപ്രളയത്താൽ നശിപ്പിച്ചപ്പോൾ, നോഹയെ അതിൽ നിന്നു വിടുവിച്ചത്, ദൈവം അവന്റെ ആത്മീയ സ്വഭാവത്തെയും അവന്റെ ദൈവഭക്തിയെയും(6:9) കണക്കിലെടുത്തതുകൊണ്ടു മാത്രമായിരുന്നില്ല; ദൈവം അരുളിച്ചെയ്ത കാര്യങ്ങൾ കേട്ടനുസരിച്ചതുകൊണ്ടും, അവന്റെ മുന്നറിയിപ്പുകളെ ശ്രദ്ധിച്ചതുകൊണ്ടും അവനോട് പറഞ്ഞ കാര്യങ്ങൾ അതുപോലെ തന്നേ പ്രവർത്തിച്ചതുകൊണ്ടും കൂടെയായിരുന്നു *(എബ്രായർ 11:7)*. അതിന്റെ അർത്ഥം, നോഹ ദൈവത്തിൽ തന്റെ വിശ്വാസം അർപ്പിച്ച ഒരു വിശ്വാസമനുഷ്യനായിരുന്നു. അവൻ ദൈവത്തിന്റെ അരുളപ്പാടുകളിൽ വിശ്വസിച്ചു; പരിഹാസങ്ങളും ശകാരങ്ങളും സഹിച്ചുകൊണ്ടു തന്നേ ദൈവത്തെ അനുസരിക്കുവാൻ മനസ്സു കാണിക്കുകയും ചെയ്തു *(2 പത്രൊസ് 2:5, 9, 10)*.

ദൈവവിശ്വാസം പുലർത്തുന്നതിനും അവന്റെ വചനം അനുസരിക്കുന്നതിനും ധൈര്യവും സഹിഷ്ണുതയും ആവശ്യമാണ്. ഈ ഉൽകൃഷ്ടഗുണങ്ങളെ പൊതുവെ അവമതിക്കുന്ന ഇന്നത്തെ ലോകത്തിൽ അവ പ്രായോഗികമാക്കുവാൻ അത്ര എളുപ്പമല്ല. എന്നാൽ നോഹയെപ്പോലെ തങ്ങളുടെ വിശ്വാസം ദൈവത്തിൽ വെയ്ക്കുന്നവർക്ക് ദൈവം ഇക്കാലത്തും നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തു മുഖാന്തരം നിത്യരക്ഷ ഉറപ്പു നൽകിയിട്ടുണ്ട്. ഈ ക്രിസ്തു, നോഹയുടെ പെട്ടകത്തിന്റെ ഒരു സാദൃശമാണ്, ഒരു "ചിത്ര"മാണ്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" *(യോഹന്നാൻ 3:16)*.



**പഠനം 1. ന്യായം വിധിക്കുകയും രക്ഷിക്കയും ചെയ്യുന്ന ദൈവം**

**1** **പാഠഭാഗത്തെ വായനാഭാഗം വായിച്ചതിനു ശേഷം താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം എഴുതുക:** (3)

a. ദൈവം എന്താണു കണ്ടത്? ..............................................................................................................................

..............................................................................................................................

b. ദൈവത്തിന് എന്താണ് തോന്നിയത്? ..............................................................................................................

..............................................................................................................................

c. ദൈവം തീർമാനിച്ചത് എന്തായിരുന്നു? ..........................................................................................................

..............................................................................................................................

**2** **മനുഷ്യന്റെ പാപത്തിന്റെ ഫലം പക്ഷികളും മൃഗങ്ങളും പോലും അനുഭവിക്കേണ്ടി വരുമെന്നു കാണിക്കുന്ന ഒരു വാക്യവും, നോഹയ്ക്കു ലഭിച്ച വിടുതലിൽ അവരും പങ്കാളികളാകുമെന്നു കാണിക്കുന്ന മറ്റൊരു വാക്യവും, പാഠത്തിലെ വായനാഭാഗത്തു നിന്ന് എടുത്തെഴുതുക.** (4)

..............................................................................................................................

..............................................................................................................................

..............................................................................................................................

**3** a. **നോഹ ദൈവത്തോടു കൂടെ നടന്നു എന്ന് ബൈബിളിൽ പറയുമ്പോൾ അതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?** (4)

..............................................................................................................................

..............................................................................................................................

b. **ഇക്കാലത്ത് യുവാവായ ഒരു ക്രിസ്ത്യാനിക്ക് എങ്ങനെയാണ് ദൈവത്തോടു കൂടെ നടക്കുവാൻ സാധിക്കുന്നത്?**

..............................................................................................................................

..............................................................................................................................

**4** **നോഹയുടെ കാലത്തെ ജനങ്ങളുടെ ജീവിതത്തിനും സ്വഭാവത്തിനും ഇക്കാലത്തെ ജനങ്ങളുടെ ജീവിതവും സ്വഭാവവും തമ്മിൽ എന്തു സാമ്യമാണുള്ളത്?** (3)

..............................................................................................................................

..............................................................................................................................

**5** ***മത്തായി 24:36 39* വായിക്കുക. നോഹയുടെ കാലത്തു സംഭവിച്ച കാര്യങ്ങളെ ഭാവിയിൽ സംഭവിക്കുവാനിരിക്കുന്ന ഏതു മഹാസംഭവവുമായാണ് കർത്താവായ യേശു ബന്ധപ്പെടുത്തിയിരിക്കുന്നത്?** .................................................... (1)

..............................................................................................................................

..............................................................................................................................

**6** **ദൈവം ഭക്തികെട്ട ലോകത്തിൽ ന്യായവിധി വരുത്തിയപ്പോൾ നോഹയെയും കുടുംബത്തെയും അതിൽ നിന്നു രക്ഷിച്ചത് അവരെ പെട്ടകത്തിൽ കയറ്റി "യഹോവ പെട്ടകത്തിന്റെ വാതിൽ അടച്ചു" *(ഉല്പത്തി 7:16)* കൊണ്ടായിരുന്നു. ജലപ്രളയത്തിന്റെയും പെട്ടകത്തിന്റെയും കാര്യങ്ങളെക്കുറിച്ചു എഴുതിയിരിക്കുന്ന ചരിത്രം വായിക്കുമ്പോൾ നമുക്കു ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് എന്താണു മനസ്സിലാക്കുവാൻ സാധിക്കുന്നത്?** (4)

..............................................................................................................................

..............................................................................................................................

..............................................................................................................................

**7** ***എബ്രായർ 11: 6&7* വായിക്കുക. അവിടെ നോഹയുടെ വിശ്വാസത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.** (6)

a. എന്താണു വിശ്വാസം? ..............................................................................................................................

..............................................................................................................................

b. നോഹയുടെ വിശ്വാസം അവനെക്കൊണ്ടു ചെയ്യുവാൻ പ്രേരിപ്പിച്ച കാര്യം എന്താണ്? ..............................................

..............................................................................................................................

c. ദൈവത്തിലുള്ള വിശ്വാസം നോഹയ്ക്ക് എപ്രകാരം ജീവിതത്തിൽ പ്രയോജനപ്പെട്ടു? ..............................................

..............................................................................................................................

..............................................................................................................................

**25**

ആകെ മാർക്ക്

**ന്യൂലൈഫ്**

**ബൈബിൾ പഠന കോഴ്സ്**

# ദൈവം

## യൂണിറ്റ് C

## പഠനം 2. തന്റെ ജനത്തിന്റെ വീണ്ടെടുപ്പുകാരൻ

പേര്: .........................................................

**വായിക്കുക: പുറപ്പാട് 3: 1-12**

**താക്കോൽവാക്യം: പുറപ്പാട് 6:6**

**"ഞാൻ . . . . നീട്ടിയിരിക്കുന്ന ഭുജം കൊണ്ടും മഹാ ശിക്ഷാവിധികൾ കൊണ്ടും നിങ്ങളെ വീണ്ടെടുക്കും"**

വീണ്ടെടുപ്പ് എന്ന ആശയം ആദ്യമായി നാം കാണുന്നത് പുറപ്പാടു പുസ്തകത്തിലാണ്. "വീണ്ടെടുക്കുക"എന്ന ക്രിയാപദത്തിന്, ഒരു അടിമയെ സ്വതന്ത്രനായി വിട്ടയയ്ക്കുന്നതിന് അവനു വേണ്ടി കൊടുക്കേണ്ടതായ മോചനദ്രവ്യം അല്ലെങ്കിൽ നിശ്ചയിച്ചിരിക്കുന്ന ഒരു വില എന്നാണ് അർത്ഥം. "പുറപ്പാട് " എന്ന വാക്കിന്റെ അർത്ഥം തന്നേ, "പുറപ്പെട്ടു പോവുക" എന്നാണ്. അതിനാൽ പുറപ്പാടു പുസ്തകത്തിൽ, ഒരു ദശലക്ഷത്തിലധികം ആൾക്കാർ തങ്ങൾ ദീർഘനൂറ്റാണ്ടുകൾ പരദേശികളായി പാർത്തിരുന്ന ദേശത്ത് അവർ അനുഭവിച്ചിരുന്ന തടവും യാതനകളും അടിമത്തവും എല്ലാം ഉപേക്ഷിച്ചു പുറപ്പെട്ടുപോകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിവരിച്ചിരിക്കുന്നത്.

**"ഞാൻ നിന്നെ വലിയ ജാതിയാക്കും" (ഉല്പത്തി 46:3)**

യാക്കോബും അവന്റെ എഴുപതു പേരടങ്ങിയ കുടുംബവും തങ്ങളുടെ സ്വദേശം വിട്ട് ഈജിപ്റ്റിൽ (മിസ്രയീമിൽ) താമസിക്കുവാൻ പോയത്, ദേശത്തെല്ലായിടത്തും ഒരു മഹാക്ഷാമമുണ്ടായ കാലത്തായിരുന്നു. യാക്കോബ് തന്റെ പൂർവ്വകാലജീവിതത്തിൽ ദൈവത്തിന്റെ കരുതലുകളും പരിപാലനവും നന്നായി അനുഭവിച്ചിരുന്നു. അതിനാൽ അവർ കനാൻ വിട്ടുപോകേണമെന്നുള്ളത് ദൈവത്തിന്റെ ഇഷ്ടവും ഉദ്ദേശ്യവുമാണെന്ന് അവനു നല്ല ഉറപ്പുണ്ടായിരുന്നു ***(ഉല്പത്തി 46:27).*** അതിനു ശേഷം ഏതാണ്ടു നാനൂറു വർഷങ്ങൾ കഴിഞ്ഞപ്പോൾ, അവരുടെ പിൻതലമുറകൾ ആകെ ഒരു വലിയ ജനസമൂഹമായി തീർന്നിരുന്നു. അവർ യിസ്രായേൽ ജനം എന്നറിയപ്പെട്ടു. ഈജിപ്റ്റുകാർ അവരുടെ വർദ്ധിച്ചുവരുന്ന ജനസംഖ്യയിലും ആൾബലത്തിലും ഭയവും ആശങ്കയുമുള്ളവരാകുവാൻ തുടങ്ങി. അപ്പോൾ ഈജിപ്റ്റിലെ ഭരണാധികാരികൾ ഈ പ്രശ്നം പരിഹരിക്കുന്നതിനായി വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചു. അവർ അവരെ അടിമകളാക്കിത്തീർക്കുകയും അവരോടു ക്രൂരമായി പെരുമാറുകയും ചെയ്തു. അവരുടെ ആൺകുട്ടികളെ അവരുടെ ജനനത്തിങ്കൽ തന്നേ കൊന്നുകളയുവാനും അവർ വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചു. എന്നാൽ അവർ അനുഭവിച്ചുകൊണ്ടിരുന്ന ഈ ദുരിതങ്ങളെല്ലാം ദൈവം കാണുന്നുണ്ടായിരുന്നു, അതിനാൽ അവൻ അവരുടെയിടയിൽ നിന്നു തന്നേ ഒരാളെ, മോശെയെ, തിരഞ്ഞെടുത്ത് അവരെ അവരുടെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച് ഈജിപ്റ്റിൽ നിന്ന് (മിസ്രയീം ദേശത്തു നിന്ന്) പുറപ്പെടുവിച്ചുകൊണ്ടുവരുവാൻ നിയോഗിച്ചു.

ഈ സംഭവങ്ങൾക്കെല്ലാം ദീർഘവർഷങ്ങൾക്കു മുമ്പ്, യാക്കോബിന്റെ പിതാമഹനായിരുന്ന അബ്രാഹാമിന് ദൈവം ഒരു വലിയ വാഗ്ദത്തം നൽകിയിരുന്നു. അവന്റെ സന്തതിക്ക് അവൻ പ്രവാസിയായി പാർക്കുന്ന കനാൻ ദേശമൊക്കെയും ശാശ്വതാവകാശമായി നൽകും എന്നതായിരുന്നു ആ വാഗ്ദത്തം ***( ഉല്പത്തി 17:8).*** ആ വാഗ്ദത്തം നൽകിയതിനു ശേഷം നാനൂറു വർഷം കഴിഞ്ഞിരുന്നു. അപ്പോഴേയ്ക്കും ആ വാഗ്ദത്തത്തെക്കുറിച്ച് ദൈവം മറന്നുപോയി എന്നു അവർക്കു തോന്നിയിരിക്കുവാൻ ന്യായമുണ്ട്. എന്നാൽ ദൈവം തന്റെ വാഗ്ദത്തങ്ങളൊന്നും ഒരിക്കലും മറക്കാതെ അവ നിവൃത്തിച്ചുകൊടുക്കുവാൻ തക്കവണ്ണം വിശ്വസ്തനാണ്. അതിനാൽ ശരിയായ സമയമായപ്പോൾ ദൈവം മോശെയോട് ഇപ്രകാരം പറഞ്ഞു: ***"നീ എന്റെ ജനമായ യിസ്രായേൽമക്കളെ മിസ്രയീമിൽ നിന്നു പുറപ്പെടുവിക്കേണ്ടതിന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയയ്ക്കും" (പുറപ്പാട് 3:10).***

**ഞാൻ നിന്നോടു കൂടെ ഇരിക്കും (പുറപ്പാട് 3:12)**

ദൈവം മോശെയോട് താൻ ജനത്തിന്റെ കഷ്ടത മുഴുവൻ കണ്ടു എന്ന് അരുളിച്ചെയ്തു. അവൻ അവരുടെ നിലവിളി കേട്ടിരുന്നു.അവരുടെ യാതനകളെക്കുറിച്ച് ദൈവത്തിന് വലിയ വിചാരം ഉണ്ടായിരുന്നു. അവരെ അവരുടെ കഷ്ടതകളിൽ നിന്നു വിടുവിക്കുന്നതിനായി അവൻ ഇറങ്ങിവന്നു ***( 7&8 വാക്യങ്ങൾ കാണുക).*** യിസ്രായേല്യരുടെ പ്രശ്നങ്ങളിൽ ദൈവം പൂർണ്ണമായി ഇടപെട്ടു. അവൻ അവരെ സ്നേഹിച്ചു, അവരെ കാവൽ ചെയ്തു, അവൻ അവരുടെ വീണ്ടെടുപ്പുകാരനും രക്ഷിതാവുമായിത്തീർന്നു (***ആവർത്തനം 7:7 – 9).*** നോഹയുടെ കാര്യത്തിൽ ജലപ്രളയകാലത്ത് ചെയ്തതുപോലെ തന്നേ, ദൈവം സ്വയം മുൻകൈ എടുത്ത് അവരുടെ വീണ്ടെടുപ്പ് സാധ്യമാക്കിക്കൊടുക്കുകയായിരുന്നു.

***"ഞാൻ എന്റെ കൈ നീട്ടി ........ മിസ്രയീമിനെ ദണ്ഡിപ്പിക്കും" (പുറപ്പാട് 3:20).***

മിസ്രയീമിലെ രാജാവായ ഫറവോന് യിസ്രായേല്യരുടെ ദൈവമായ യഹോവയോട് യാതൊരു ബഹുമാനവുമുണ്ടായിരുന്നില്ല. ജനത്തെ അവരുടെ സ്വന്തദേശത്തേയ്ക്കു മടങ്ങിപ്പോകുവാൻ അനുവദിക്കണമെന്നു മോശെ അവനോട് അപേക്ഷിച്ചപ്പോൾ അവൻ അത് അപ്പാടെ തള്ളിക്കളഞ്ഞു. ഫറവോന്റെ കഠിനഹൃദയത്തെ അലിയിക്കുവാൻ ദൈവം അവന്റെ ദേശത്ത് അയച്ച പത്തു ഭയാനകമായ ബാധകളുടെ ദോഷഫലങ്ങൾ അവൻ അനുഭവിക്കേണ്ടതായി വന്നു ***( 7 മുതൽ 12 വരെ അദ്ധ്യായങ്ങൾ).*** ആ ബാധകളിൽ ഏറ്റവും ഒടുവിലത്തേത് സകല മിസ്രയീമ്യകുടുംബങ്ങളിലെയും ആദ്യജാതന്മാരുടെ മരണമായിരുന്നു. യിസ്രായേൽ മക്കളോട് അവരുടെ ഓരോ കുടുംബവും ഓരോ ആട്ടിൻ കുട്ടിയെ വീതം കൊന്ന് അതിന്റെ രക്തം അവരുടെ വീടുകളുടെ കട്ടിളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടണമെന്ന് മോശെ കല്പിച്ചിരുന്നു. ദൈവം അവർക്കു നൽകിയ വാഗ്ദത്തം, "ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു കടന്നുപോകും" ***(പുറപ്പാട് 12:13)*** എന്നായിരുന്നു. ഇതായിരുന്നു അവരുടെ വീണ്ടെടുപ്പുവില. ദൈവത്തിന്റെ വാക്കുകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തവരുടെ വീടുകളിൽ മരണം പ്രവേശിക്കുമായിരുന്നില്ല. ***(പുറപ്പാട് 12: 21 – 23 കാണുക).***

ഞാൻ അബ്രാഹാമിനും യിസ്ഹാക്കിനും യാക്കോബിനും വാഗ്ദത്തം ചെയ്ത ദേശത്തേയ്ക്ക് നിങ്ങളെ കൊണ്ടുപോയി, അതു നിങ്ങൾക്കു അവകാശമായിത്തരും ***(പുറ. 6:8)***

യിസ്രായേൽമക്കൾ പെസഹാ ആചരിച്ച ദിവസം അർദ്ധരാത്രിയിലായിരുന്നു അവർക്കു മിസ്രയീമിൽ നിന്നു വിടുതൽ ലഭിച്ചത്. അന്ന്, അപ്പോൾ തന്നേ, അവർ അവരുടെ വാഗ്ദത്തദേശത്തേയ്ക്കുള്ള യാത്രയും ആരംഭിച്ചു. അവർ അറുത്ത കുഞ്ഞാടിന്റെ രക്തം അവരുടെ വീടിന്റെ കട്ടളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടുന്നതിനു പുറമേ അവർ ചെയ്യേണ്ടിയിരുന്ന മറ്റൊരു പ്രധാന കാര്യം കൂടെ ഉണ്ടായിരുന്നു. അവർ ചെയ്യുവാൻ പോകുന്ന സുദീർഘമായ യാത്രയ്ക്കു വേണ്ട ബലം ലഭിക്കേണ്ടതിനായി, കല്പന പോലെ, അവർ ആ കുഞ്ഞാടിന്റെ മാംസം തീയിൽ ചുട്ടു തിന്നേണം എന്നതും അവർക്കു ലഭിച്ച കല്പനയായിരുന്നു. മാത്രമല്ല, കല്പന ലഭിക്കുന്ന ഉടനെ ധൃതിയിൽ പുറപ്പെടേണ്ടതായിരുന്നതിനാൽ, അവർ എപ്പോഴും തയ്യാറായിരിക്കേണ്ടതും ആവശ്യമായിരുന്നു: ***"അര കെട്ടിയും കാലിനു ചെരിപ്പിട്ടും കൈയിൽ വടി പിടിച്ചും കൊണ്ട് നിങ്ങൾ തിന്നേണം" (പുറപ്പാട് 12: 11).***

നമ്മുടെ ക്രിസ്തീയജീവിതവും ഒരു യാത്ര പോലെയാണ്, നാം നമ്മുടെ വഴിയാത്ര തുടരുകയാണ്. നമ്മുടെ വീണ്ടെടുപ്പിനായുള്ള വലിയ വില, തന്റെ പുത്രന്റെ ക്രൂശുമരണത്തിലൂടെ ദൈവം കൊടുത്തുതീർത്തു എന്ന് ഓർക്കുമ്പോൾ നമുക്കു യാത്ര തുടരുന്നതിനാവശ്യമായ ശക്തിയും ബലവും ലഭിക്കുന്നു. യെഹൂദന്മാരെ സംബന്ധിച്ചിടത്തോളം പെസഹായുടെ ആചരണം അവർക്ക് ഒരു വാർഷികപ്പെരുന്നാൾ അല്ലെങ്കിൽ ഉത്സവമായിത്തീർന്നു. അപ്പോൾ അവരുടെ പിതാക്കന്മാർക്കു ദൈവം മിസ്രയീമിൽ നിന്നു നേടിക്കൊടുത്ത ആ വലിയ വിടുതലിനെക്കുറിച്ച് അവർ തിരിഞ്ഞു ചിന്തിക്കയും ഓർമ്മിക്കയും ചെയ്യുമായിരുന്നു. പെസഹാ ആചരിച്ചിരുന്നില്ലെങ്കിൽ ദൈവം അവർക്കു വേണ്ടി ചെയ്ത കാര്യങ്ങളെക്കുറിച്ചുള്ള നല്ല ഓർമ്മകളെല്ലാം അവർക്കു നഷ്ടമാകുമായിരുന്നു. അതുപോലെ തന്നേ, നമ്മുടെ കർത്താവു കാൽവറിയിലെ ക്രൂശിലെ തന്റെ യാഗമരണത്താൽ നമുക്കുവേണ്ടി ചെയ്ത കാര്യങ്ങൾ നാമും ഓർക്കേണ്ടതാണ്. നമുക്കു ലഭിച്ചിരിക്കുന്ന നിത്യരക്ഷയ്ക്ക് നാം അവനോടു കടപ്പെട്ടിരിക്കുന്നു. അവനെ അനുഗമിക്കുന്നതിൽനിന്നും ഒരു കാരണവശാലും പിന്തിരിയുകയില്ല എന്നു നമുക്ക് ഉറപ്പുള്ളവരായിരിക്കാം.



**1** **താഴെക്കൊടുത്തിരിക്കുന്ന ഓരോ പ്രസ്താവനയ്ക്കും നേരെ അത് ശരിയോ തെറ്റോ എന്നെഴുതുക :** (5)

a. "പുറപ്പാട് " എന്ന പദത്തിന്റെ അർത്ഥം പുറപ്പെട്ടു പോകുക എന്നാണ്. ..........................

b. യാക്കോബും കുടുംബവും ഈജിപ്റ്റിലേയ്ക്കു വന്നത് ഒരു ക്ഷാമകാലത്തായിരുന്നു. .........................

c. ദൈവം അബ്രാഹാമിനെ തിരഞ്ഞെടുത്തത് അവന്റെ ജനത്തിന്റെ ഒരു വിമോചകനായിട്ടായിരുന്നു. .......................

d യിസ്രായേല്യർ ഈജിപ്റ്റിൽ 400 വർഷത്തിലധികം പാർത്തിരുന്നു. ......................

e. അവർ കുഞ്ഞാടിന്റെ രക്തം അവരുടെ വാതില്പടിയിൽ പുരട്ടണമായിരുന്നു. .......................

**2** ***1 പത്രൊസ് 1:18-19*** **പ്രകാരം ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ...... "വിലയേറിയ രക്തം കൊണ്ട് വീണ്ടെടുക്കപ്പെട്ടിരിക്കുന്നവരാണ് " അതു കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്നു വ്യക്തമായിട്ടെഴുതുക.** (4)

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

**3** ***പുറപ്പാട് 3: 7,8*** **വാക്യങ്ങളിൽ ദൈവത്തിനു തന്റെ ജനത്തെക്കുറിച്ചുള്ള കരുതലും താല്പര്യവും വ്യക്തമാക്കുന്ന നാലു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് താഴെ ചുരുക്കി എഴുതുക :** (4)

a. "........................................................................................................................ ഞാൻ കണ്ടു കണ്ടു."

b. "........................................................................................................................ കേട്ടു."

c. " ഞാൻ ........................................................................................................................"

d. "........................................................................................................................ ഇറങ്ങി വന്നിരിക്കുന്നു."

**4** **ഇക്കാലത്ത് ദൈവത്തിനു നമ്മെക്കുറിച്ചു വിചാരമുണ്ട് എന്നതിന് എന്തു തെളിവാണുള്ളത്?** (2)

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

**5** a. **ഫറവോന്റെ മേലും മിസ്രയീമ്യരുടെ മേലും വന്ന 10 ബാധകളിൽ ഒടുവിലത്തേത് എന്തായിരുന്നു?** (6)

........................................................................................................................................................

........................................................................................................................................................

b. **ആ ബാധയിൽനിന്നു രക്ഷപ്രാപിക്കുവാൻ യിസ്രായേൽ മക്കൾ ചെയ്യേണ്ടത് എന്തായിരുന്നു?**

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

c. **അവർ വിടുവിക്കപ്പെട്ട മാർഗ്ഗം നമുക്കു പാപത്തിന്റെയും സാത്താന്റെയും ശക്തിയിൽ നിന്നു രക്ഷ പ്രാപിക്കുവാൻ സാധിക്കുന്നതിന്റെ ഒരു "ചിത്രമാണ് ". ഈ പറഞ്ഞതിന്റെ അർത്ഥം വ്യക്തമായി വിശദമാക്കുക.**

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

**6** *"നമ്മുടെ പെസഹാക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു " (1 കൊരിന്ത്യർ 5:7).* **ഈ പ്രസ്താവനയിലൂടെ ബൈബിൾ എന്താണ് അർത്ഥമാക്കുന്നത് എന്നെഴുതുക** (4)

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

25

ആകെ മാർക്ക്

# ദൈവം

## യൂണിറ്റ് C

## പഠനം 3. ലോകത്തിന്റെ രക്ഷിതാവ്

പേര്: ..........................................................

**വായിക്കുക: മത്തായി 1: 18– 25**

**താക്കോൽവാക്യം: 1 യോഹന്നാൻ 4: 14**

**"പിതാവ് പുത്രനെ ലോകരക്ഷിതാവായിട്ട് അയച്ചിരിക്കുന്നു ....."**

കഴിഞ്ഞ പാഠങ്ങൾ നമുക്കു കാണിച്ചുതന്നത്, വിടുവിച്ചു രക്ഷിക്കുന്നതിനുള്ള ദൈവത്തിന്റെ ശക്തിയെക്കുറിച്ചായിരുന്നു. നോഹയുടെ കാലത്തു സംഭവിച്ചതുപോലെയുള്ള ആഗോളദുരന്തത്തിൽ നിന്നായാലും, മിസ്രയീമിൽ നിന്നു പുറപ്പെട്ടുപോന്ന യിസ്രായേൽ ജനം അനുഭവിച്ചതു പോലെയുള്ള ദീർഘകാല അടിമത്തത്തിൽ നിന്നായാലും, നമ്മുടെ ദൈവം വിടുവിച്ചു രക്ഷിക്കുവാൻ ശക്തൻ തന്നേ. ദൈവം സ്നേഹവാനായതു കൊണ്ടാണ് അവൻ രക്ഷിക്കുന്നത്. പാപത്തിന്റെ മേൽ ദൈവം തന്റെ മാറ്റമില്ലാത്ത നീതിയനുസരിച്ച് ന്യായവിധി വരുത്തുമ്പോൾ, അവന്റെ സൃഷ്ടികളിൽ ഒന്നു പോലും അതിന്റെ കെടുതികൾ അനുഭവിക്കുന്നതു കാണുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.

### ഒരു വലിയ പദ്ധതി

ജനം ദൈവത്തോടു സഹായത്തിനായി കരഞ്ഞു നിലവിളിച്ചപ്പോൾ, അവർക്കു വിവിധ നിലകളിൽ ദൈവത്തിന്റെ ദയയും ശക്തിയും അനുഭവിക്കുവാൻ കഴിഞ്ഞതിനെക്കുറിച്ചുള്ള ധാരാളം അനുഭവങ്ങൾ പഴയ നിയമപുസ്തകങ്ങൾ നമുക്കു കാണിച്ചു തരുന്നുണ്ട്. എന്നിരുന്നാലും, വളരെ ചുരുങ്ങിയ നാളുകൾ മാത്രം നീണ്ടു നിൽക്കുന്നതും പ്രാദേശികമായി സംഭവിക്കുന്നതുമായ യുദ്ധം, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ കെടുതികളിൽ നിന്നുള്ള വിടുതലുകളേക്കാൾ വളരെ ഉന്നതമായ ഒരു രക്ഷാപദ്ധതി ദൈവത്തിന്റെ മനസ്സിലുണ്ടായിരുന്നു. ജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ദൈനംദിന പ്രശ്നങ്ങളിൽ നിന്നുള്ള താൽക്കാലിക വിടുതലിനേക്കാൾ വലിയ ഒരു രക്ഷ ഈ ലോകത്തിന് ആവശ്യമാണെന്ന് ദൈവം കണ്ടു. ലോകത്തിലെ മുഴുവൻ ജനവിഭാഗങ്ങളും സ്രഷ്ടാവായ ദൈവത്തിൽനിന്നും തെറ്റിയകന്ന് ദൈവത്തിന്റെ പരമശത്രുവായ സാത്താന്റെ ആധിപത്യത്തിൻകീഴിലായിത്തീർന്നിരുന്നതിനാൽ, സകലർക്കും ആവശ്യമായിരുന്നത് ആത്മരക്ഷയായിരുന്നു. അതിനാൽ ദൈവത്തിന്റെ മനസ്സിലുണ്ടായിരുന്ന വിലയേറിയ പദ്ധതി സർവ്വലോകത്തിനും വേണ്ടി ഒരു രക്ഷിതാവിനെ നൽകുക എന്നതായിരുന്നു.

ദൈവം തന്റെ ഈ പദ്ധതി, "ലോകസ്ഥാപനത്തിനു മുമ്പെ" *(1 പത്രൊസ് 1: 18 20കാണുക)* ഒരുക്കിയിരുന്നു എന്ന ആശ്ചര്യകരമായ സത്യം ബൈബിളിൽ വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. സ്നേഹവാനും സർവ്വവും അറിയുന്നവനും സർവ്വജ്ഞാനിയുമായ ദൈവത്തിനു മാത്രമേ ഇപ്രകാരമുള്ള ഒരു കാര്യം ചെയ്യുവാൻ കഴിയുകയുള്ളൂ. പാപത്താൽ സകലവും മലിനമാക്കപ്പെട്ട സമയത്തിനു മുമ്പു തന്നേ, ദൈവത്തിന്റെ ഹൃദയത്തിൽ തന്റെ ഈ പദ്ധതി തയ്യാറായിട്ടുണ്ടായിരുന്നു !

### ഒരു വലിയ വ്യക്തി

പഴയനിയമത്തിൽ മോശെ, ഗിദെയോൻ, ശിംശോൻ തുടങ്ങി മറ്റു പ്രധാനപ്പെട്ട പല വിമോചകരുടെയും പ്രവൃത്തികളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർവ്വലോകത്തിന്റെയും രക്ഷ എന്ന ദൈവത്തിന്റെ വലിയ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി, ദൈവം

*"**തന്റെ ഏകജാതനായ പുത്രനെ**" (യോഹന്നാൻ 3:16)* ലോകത്തിലേയ്ക്ക് അയച്ചു. അവന് ഈ ഭൂമിയിലുണ്ടായിരുന്ന പേര് യേശു എന്നായിരുന്നു. യേശു എന്ന പേരിന്റെ അർത്ഥം "രക്ഷിതാവ്" എന്നാണ്. അവൻ സകല മനുഷ്യർക്കും രക്ഷ നൽകുന്നതിനായി പിതാവിങ്കൽ നിന്നു പുറപ്പെട്ടു വന്ന ദൈവപുത്രനാണെന്ന സത്യം നാം ഒരിക്കലും മറന്നുപോകുവാൻ ഇടയാകരുത്. ഈ പാഠത്തിന്റെ താക്കോൽ വാക്യത്തിൽ കാണുന്ന ആശയം ഇതു തന്നേയാണ്. ദൈവം നിശ്ചയിച്ച അതേ സമയത്തായിരുന്നു *(ഗലാത്യർ 4:4 വായിക്കുക)*, അവൻ ഈ ഭൂമിയിലേയ്ക്കു വന്ന് ബേത്‌ലഹേമിൽ ജനിച്ചത്.

### ഒരു വലിയ വില

യിസ്രായേൽമക്കൾക്കു മിസ്രയീമ്യരുടെമേൽ ദൈവം അയച്ച ന്യായവിധിയിൽ നിന്നു രക്ഷ പ്രാപിക്കുകയും അവിടെ നിന്നു സ്വതന്ത്രരായി പോകുകയും ചെയ്യേണമെങ്കിൽ ഒരു കുഞ്ഞാടിനെ കൊന്ന് അതിന്റെ രക്തം അവരുടെ വീടുകളുടെ കട്ടിളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടണമായിരുന്നുവെന്ന് നാം കഴിഞ്ഞ പാഠത്തിൽ കണ്ടു. വീട്ടിന്മേൽ രക്തം അടയാളമായി കാണുമ്പോൾ അവൻ അവരുടെ വീട്ടിൽ സംഹാരം നടത്താതെ അതിനെ കടന്നു പോകും എന്നു ദൈവം അവർക്കു വാഗ്ദത്തം ചെയ്തിരുന്നു *(പുറപ്പാട് 12:13)*. അവർക്കു ലഭിച്ച സ്വാതന്ത്ര്യത്തിന്റെ വില ഒരു കുഞ്ഞാടിന്റെ മരണമായിരുന്നു!


നമ്മോടുള്ള ബന്ധത്തിൽ, നമുക്കു വേണ്ടി അതിനേക്കാൾ ശ്രേഷ്ഠതയേറിയ ഒരു വിലയാണ് നൽകിയത്; കാൽവറിയിലെ ക്രൂശിൽ നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിന്റെ മരണത്താൽ നൽകിയ വലിയ വില. യോഹന്നാൻ സ്നാപകൻ അവനെ ലോകത്തിനു പരിചയപ്പെടുത്തി വിളിച്ചതു പോലെ, അവൻ *"**ദൈവത്തിന്റെ കുഞ്ഞാടാണ്**" (യോഹന്നാൻ 1: 29)*. *"**അവൻ നമ്മുടെ പാപങ്ങൾക്കു വേണ്ടി..... മരിച്ചു**" (1 കൊരിന്ത്യർ 15:3).* അതിനാൽ അവന്റെ മരണം തികച്ചും അതുല്യമാണ്. അവനു നമ്മോടുള്ള സ്നേഹം അത്രയും വലിയതായിരുന്നതിനാൽ, *"**അവൻ നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏല്പിച്ചുകൊടുത്തു** " (ഗലാത്യർ 1:3).* നമ്മുടെ വീണ്ടെടുപ്പിന്റെ വില *"**കുഞ്ഞാടിന്റെ വിലയേറിയ രക്തം**" (1 പത്രൊസ് 1:19)* എന്ന സത്യം പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നു.

### ഒരു വലിയ ശക്തി

പഴയനിയമകാലഘട്ടങ്ങളിലുടനീളം, ദൈവം മനുഷ്യർക്കു നൽകിയ വിടുതലും രക്ഷയും, അവന്റെ മഹാ ശക്തിയുടെ വെളിപ്പെടുത്തലുകളായിരുന്നു. ഉദാഹരണമായി, അവൻ ചെങ്കടലിനെ രണ്ടായി വിഭജിച്ച് അതിന്റെ നടുവിലൂടെ തന്റെ ജനത്തിനു കടന്നുപോകുവാൻ ഒരു വഴി ഒരുക്കിക്കൊടുത്തു. അത് അവരെ പിന്തുടർന്നുവന്ന മിസ്രയീമ്യരിൽ നിന്ന് അവർക്ക് രക്ഷപെടുവാനുള്ള ഒരു മാർഗ്ഗമായിരുന്നു. എന്നാൽ, നമ്മെ സംബന്ധിച്ചിടത്തോളം, അതിനേക്കാൾ വളരെ വലിയ ഒരു വിജയമാണ് നമുക്കു ലഭിച്ചിരിക്കുന്നത് ! കർത്താവായ യേശു കാൽവറിയിൽ നമുക്കു വേണ്ടി "വലിയ വില" കൊടുത്തപ്പോൾ അവൻ സാത്താനെ തകർത്ത് തോൽപ്പിക്കുകയായിരുന്നു. ***എബ്രായർ 2:14–15*** ൽ വിശദമാക്കിയിരിക്കുന്നത്, അവൻ മരണത്തിന്റെ അധികാരിയായ സാത്താനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു എന്നാണ്. നാം നമ്മുടെ പാപങ്ങളെ ഓർത്ത് അനുതപിക്കുകയും യേശുക്രിസ്തുവിൽ നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ, അവൻ നേടിയ ആ വലിയ വിജയത്തിന്റെ പ്രയോജനങ്ങൾ വ്യക്തിപരമായി നമ്മുടേതായി മാറുന്നു.

### ഒരു വലിയ ഉദ്ദേശ്യം

പാപത്തിൽ നിന്നും സാത്താനിൽ നിന്നുമുള്ള വിടുതൽ ഒരു തുടക്കം മാത്രമാണ്. കർത്താവായ യേശുവിൽ വിശ്വസിക്കുന്ന സകലരും ദൈവഭവനത്തിലേയ്ക്ക് ദത്തെടുക്കപ്പെടുന്നു. അവർ ദൈവത്തിന്റെ മക്കളായിത്തീരുകയും അവന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് ദൈവമക്കൾ എന്ന നിലയിൽ നാം ശരിയായ ജീവിതം ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്. നമ്മുടെ സ്വന്ത ഇഷ്ടപ്രകാരം നടന്ന്, നമ്മുടെ സ്വന്ത ഇഷ്ടമനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യുന്നതിനു പകരം, പരിശുദ്ധാത്മാവ് നമ്മെ ദൈവത്തിന്റെ ഇഷ്ടം ചെയ്തുകൊണ്ട് അവന്റെ വഴികളെ പ്രതിഫലിപ്പിക്കുവാൻ നമ്മെ സഹായിക്കുന്നു. ദൈവത്തിന്റെ മക്കൾ *"**കർത്താവിനു പ്രസാദമായത് എന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടക്കണം**" (എഫെസ്യർ 5:8 – 10)* എന്നുള്ളതാണ് അവരെക്കുറിച്ചുള്ള അവന്റെ വലിയ ഉദ്ദേശ്യം. താങ്കളെ സംബന്ധിച്ച അവന്റെ വലിയ ഉദ്ദേശ്യം താങ്കളുടെ ജീവിതത്തിൽ നിവൃത്തിയായിരിക്കുന്നുവോ? താങ്കൾക്ക് ദൈവത്തെക്കുറിച്ച് *"**എന്റെ രക്ഷിതാവ്**" (ലൂക്കൊസ് 1:47)* എന്ന് ആത്മാർത്ഥമായി പറയുവാൻ സാധിക്കുമോ?



# ന്യൂലൈഫ് പ്രവൃത്തി പരിചയം

**പഠനം 3.** ലോകത്തിന്റെ രക്ഷിതാവ്

**1** മനുഷ്യവർഗ്ഗത്തിന് രക്ഷിക്കപ്പെടേണ്ട ആവശ്യം വന്നത് എന്തുകൊണ്ട്? കഴിയുമെങ്കിൽ നിങ്ങളുടെ ഉത്തരത്തെ സാധൂകരിക്കുന്ന ബൈബിൾ വാക്യസൂചനകൾ നൽകുക. (4)

.................................................................................................................................

.................................................................................................................................

.................................................................................................................................

**2** നാം രക്ഷിക്കപ്പെടേണമെന്ന് ദൈവം ആഗ്രഹിക്കുന്നുണ്ടോ? *1 തിമോഥെയൊസ് 2: 3&4 ൽ* ഇതിനുള്ള ഉത്തരം ഉണ്ട്. ഈ രണ്ടു വാക്യങ്ങൾ പകർത്തി എഴുതുക. (4)

.................................................................................................................................

.................................................................................................................................

.................................................................................................................................

**3** തുടർന്നു കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ലോകസ്ഥാപനത്തിനു മുമ്പെ നടന്ന കാര്യങ്ങളെക്കുറിച്ചാണു പറഞ്ഞിരിക്കുന്നത് : *യോഹന്നാൻ 17: 24; എഫെസ്യർ 1:4; 1 പത്രൊസ് 1:20.* ഈ വാക്യങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് , അതിലൂടെ ബൈബിൾ എന്താണു നമ്മെ പഠിപ്പിക്കുന്നതെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക. (5)

.................................................................................................................................

.................................................................................................................................

.................................................................................................................................

.................................................................................................................................

**4** യിസ്രായേലിന്റെ ചരിത്രത്തിലെ ആദ്യത്തെ പെസഹാ ആചരണസമയത്ത്, ഓരോ കുടുംബത്തിലെയും ആദ്യജാതന്മാരെ മരണത്തിൽ നിന്നു വിടുവിക്കുന്നതിനായി ഒരു കുഞ്ഞാടിന്റെ മരണം ആവശ്യമായിരുന്നു. ഈ പഴയനിയമ സംഭവം ഏതു വിധത്തിലാണ് നമ്മെ വിടുവിച്ചു രക്ഷിക്കുന്നതിനുള്ള ദൈവത്തിന്റെ "വലിയ പദ്ധതി' 'യുടെ ഒരു "ചിത്രം" അല്ലെങ്കിൽ ദൃഷ്ടാന്തമായിരിക്കുന്നത്? (4)

.................................................................................................................................

.................................................................................................................................

.................................................................................................................................

.................................................................................................................................

**5** a. *എബ്രായർ 2: 14 – 15* പ്രകാരം, കർത്താവായ യേശു തന്റെ മരണത്താൽ രണ്ടു കാര്യങ്ങൾ ചെയ്തു. അവ എന്തെല്ലാമായിരുന്നു? (5)

( 1) .........................................................................................................................

( 2) .........................................................................................................................

b. അവൻ ചെയ്ത കാര്യങ്ങളുടെ പ്രയോജനം നമുക്കു ലഭിക്കുന്നത് എങ്ങനെ?

.................................................................................................................................

.................................................................................................................................

.................................................................................................................................

**6** യേശു " ലോകരക്ഷിതാവാണ് " *(താക്കോൽ വാക്യം കാണുക).* അതിന്റെ അർത്ഥം, ഒടുവിൽ എല്ലാവരും സ്വർഗ്ഗത്തിലായിരിക്കും എന്നാണോ? നിങ്ങളുടെ ഉത്തരത്തിനുള്ള കാരണങ്ങൾ പറയുക. (4)

.................................................................................................................................

.................................................................................................................................

.................................................................................................................................

.................................................................................................................................

.................................................................................................................................

.................................................................................................................................

25

ആകെ മാർക്ക്

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

## ദൈവം

### യൂണിറ്റ് C

### പഠനം 4. സൃഷ്ടിയുടെ വീണ്ടെടുപ്പുകാരൻ

പേര്: .........................................................

**വായിക്കുക: റോമർ 8: 18 – 25**

**താക്കോൽവാക്യം: റോമർ 8:20**

**"സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും"**

ആധുനികകാലത്തെ അത്ഭുതകരമായ വാർത്താവിനിമയസൗകര്യങ്ങൾക്കു നന്ദി. ലോകത്തിൽ എവിടെ നടക്കുന്ന സംഭവമായാലും, നമുക്ക് അതു വളരെ വേഗം അറിയുവാൻ സാധിക്കുന്നു. വളരെ അകലെ നടക്കുന്ന ഭൂകമ്പങ്ങളെക്കുറിച്ചും അഗ്നിപർവ്വതസ്ഫോടനങ്ങളെക്കുറിച്ചും വെള്ളപ്പൊക്കത്തെ ക്കുറിച്ചും മറ്റെല്ലാവിധ പ്രകൃതിദുരന്തങ്ങളെക്കുറിച്ചും നമുക്ക് ചില മണിക്കൂറുകൾക്കുള്ളിൽ, ഏതാനും മിനിറ്റുകൾക്കുള്ളിൽ തന്നേ, അറിയുവാൻ സാധിക്കുന്നു. സമാധാനവും സമൃദ്ധിയും അനുഭവിച്ചു കൊണ്ടിരിക്കുന്ന നമ്മിൽ നിന്നും നമ്മെപ്പോലെയുള്ളവരിൽനിന്നും, ലോകത്തിന്റെ വേദനകളും യാതനകളും ഇനി ഒരിക്കലും മറഞ്ഞിരിക്കുകയില്ല. ഇത്തരം ദുരന്തവാർത്തകൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ, " ഈ ലോകം ഇങ്ങനെയുള്ള അനിഷ്ടസംഭവങ്ങളും യാതനകളും പെരുകിക്കൊണ്ടിരിക്കുന്ന ഇതേ സ്ഥിതിയിൽ തന്നേയായിരിക്കുമോ ഇനി എക്കാലവും മുമ്പോട്ടു പോകുന്നത് " എന്ന് പലപ്പോഴും നാം ഭയത്തോടെ ചിന്തിച്ചുപോയിട്ടുണ്ടാകാം. ഇത്തരം സംഭവങ്ങളെ ബൈബിൾ വീക്ഷണത്തിൽ നമുക്കൊന്നു പരിശോധിച്ചുനോക്കാം.

**സൃഷ്ടി : പൈതൃകമായി കിട്ടിയ കഷ്ടപ്പാടുകളും വേദനകളും**

ഈ പാഠത്തിന്റെ ആരംഭത്തിൽ കൊടുത്തിരിക്കുന്ന വായനാഭാഗത്ത്, പൗലൊസ് സൃഷ്ടിയുടെ ദുരവസ്ഥയെക്കുറിച്ച് സ്പഷ്ടമായി ചിത്രീകരിച്ചിട്ടുണ്ട്. ***"സർവ്വ സൃഷ്ടിയും ഇന്നു വരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ" (വാക്യം 22).*** സൃഷ്ടിയുടെമേൽ വന്നു ഭവിച്ച ശാപവും അതു നിമിത്തമുണ്ടായ ദോഷങ്ങളും ഈ ഭൂമിയിൽ വസിക്കുന്ന ജീവജാലങ്ങൾക്കു വളരെ വലിയ നാശം വരുത്തിവെച്ചുവെങ്കിലും, അവയുടേതായ എന്തെങ്കിലും കുഴപ്പം കൊണ്ടല്ല ഈ സ്ഥിതിവിശേഷമുണ്ടായത്. മനുഷ്യന്റെ വീഴ്ച മൂലമാണ് ***(ഉല്പത്തി 3: 17 –19)*** സൃഷ്ടികൾക്ക് ഈ വൈകല്യങ്ങളും കുറവുകളും സംഭവിച്ചത്. ആദാം പാപം ചെയ്തതുനിമിത്തം, ഭൂമി ശപിക്കപ്പെടുകയും അതിൽ നിന്ന് മുള്ളും പറക്കാരയും മുളച്ചുവരികയും ചെയ്തു. അന്തരീക്ഷസ്ഥിതിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായി, പല മൃഗങ്ങളും അക്രമസ്വഭാവമുള്ളവയായി മാറി. ആദാമിന്റെ അനുസരണക്കേടിനാൽ, സൃഷ്ടികൾ തമ്മിൽ പാലിക്കേണ്ടിയിരുന്ന പരസ്പരബന്ധത്തിനു ഉലച്ചിൽ തട്ടി, സൃഷ്ടിയിലെ സന്തുലിതാവസ്ഥ വഷളായിപ്പോയി. മനുഷ്യൻ പാപം ചെയ്തതിന്റെ ഫലമായി സകല സൃഷ്ടിയും കഷ്ടം അനുഭവിക്കുവാൻ ഇടയായി. കാരണം, ദൈവം മനുഷ്യനെയായിരുന്നു സൃഷ്ടിയുടെ അധിപതിയായി നിയമിച്ചിരുന്നത് ***(ഉല്പത്തി 1:28).***

**സൃഷ്ടി : ഇക്കാലത്തെ അതിന്റെ പ്രത്യാശ**

ഓരോ മനുഷ്യവർഗ്ഗത്തിന്റെയും നിറവും ദേശവുമെല്ലാം വ്യത്യസ്തമാണെങ്കിലും, അവർക്ക് ഈ കാലത്ത് അനുഭവമാകുന്ന പൊതുവായ കാര്യങ്ങൾ വേദന, രോഗം, വാർദ്ധക്യത്തിന്റേതായ ബലഹീനത തുടങ്ങിയവയാണ്. എന്നാൽ ഈ സ്ഥിതിക്ക് ഒരു അത്ഭുതകരമായ മാറ്റം വരുന്നു എന്ന കാര്യത്തിൽ ക്രിസ്ത്യാനികൾ നല്ല ഉറപ്പും പ്രത്യാശയുമുള്ളവരായിരിക്കുന്നു. ***"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ ..... നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും" (ഫിലിപ്യർ 3:20–21).*** ഈ പ്രത്യാശ ക്രിസ്ത്യാനികളെ എല്ലാ കാലത്തും വിജയകരമായി ക്രിസ്തീയജീവിതം നയിക്കുവാൻ പ്രാപ്തരാക്കുന്നു, പ്രത്യേകിച്ചും, നാം നമ്മുടെ മർത്ത്യതയെക്കുറിച്ച് ആശങ്കാകുലരാകുന്ന സന്ദർഭങ്ങളിൽ. ഒരുപക്ഷേ, നാം നമ്മുടെ ഏതെങ്കിലുമൊരു സ്നേഹിതന്റെയോ ബന്ധുവിന്റെയോ മരണത്തിൽ വേദനപ്പെട്ടുകൊണ്ട് നമ്മുടെ ചിന്തകൾ പങ്കു വെയ്ക്കുകയായിരിക്കാം. അല്ലെങ്കിൽ, നാം ഒരു കഠിനമായ രോഗാവസ്ഥയിൽ കൂടെയോ പരിക്കുപറ്റി മുറിവേറ്റ അനുഭവത്തിലൂടെയോ കടന്നുപോകുകയായിരിക്കാം. അതുമല്ലെങ്കിൽ, പ്രായാധിക്യത്താലും രോഗത്താലും ഭാരപ്പെടുന്ന ഏതെങ്കിലുമൊരാളെ ശുശ്രൂഷിക്കുകയും പരിപാലിക്കുകയും ചെയ്യുകയായിരിക്കാം. അതുപോലെയുള്ള ഏതു സന്ദർഭങ്ങളിലും, പാപത്തിന്റെ ഫലമായി നമ്മുടെ ശരീരങ്ങളെയും ദേഹികളെയും ആത്മാവിനെയും ദോഷകരമായി ബാധിക്കുന്ന അവസ്ഥയ്ക്ക് നിശ്ചയമായും മാറ്റം വരുന്ന ഒരു ദിവസമുണ്ടെന്ന് നമുക്ക് ഉറപ്പായും പറയുവാൻ സാധിക്കും. അന്ന് ദൈവം നമ്മുടെ കണ്ണിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും ***(വെളിപ്പാട് 21:4).***എന്നും നമുക്ക് ഉറപ്പുണ്ട്.

**സൃഷ്ടി : ഭാവിയിൽ പ്രാപിക്കുവാൻ പോകുന്ന മഹത്വം**

ദൈവത്തിന്റെ അത്ഭുതകരമായ സൃഷ്ടിജാലങ്ങളെല്ലാം ഈ മഹത്തായ പ്രത്യാശ പങ്കുവെയ്ക്കുന്നതായി ബൈബിൾ നമുക്ക് അറിവു തന്നിരിക്കുന്നു. ഈ പാഠത്തിന്റെ താക്കോൽ വാക്യത്തിൽ, ***"സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും'*** എന്നാണു പറഞ്ഞിരിക്കുന്നത്. ***യെശയ്യാവ് 11:6 – 7ലും*** ഇപ്രകാരമുള്ള ഒരു ലോകത്തെ നമുക്ക് കാണിച്ചു തരുന്നുണ്ട്: ***"ചെന്നായി കുഞ്ഞാടിനോടു കൂടെ പാർക്കും; പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടെ കിടക്കും; പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും; ഒരു ചെറിയ കുട്ടി അവയെ നടത്തും. പശു കരടിയോടുകൂടെ മേയും; അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും; സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും."***

ഈ മാറ്റം എപ്പോൾ സംഭവിക്കുമെന്ന് ദൈവം മാത്രം അറിയുന്നു. എന്നാൽ, ആ കാലത്ത് ഭൂമി ദൈവത്തിന്റെ പരിജ്ഞാനം കൊണ്ടു നിറയും, അവന്റെ പുത്രനായ യേശുക്രിസ്തു ഈ ലോകത്തെ മുഴുവൻ ആയിരം ആണ്ടു ഭരിക്കും (***വെളിപ്പാട് 20:4 കാണുക***). സമാധാനവും സൗഹാർദ്ദവും നിറഞ്ഞുനിൽക്കുന്ന സഹസ്രാബ്ദ വാഴ്ചയുടെ (ആയിരം ആണ്ടു വാഴ്ചയുടെ ) ഒടുവിൽ, ഈ ലോകത്തിൽ വേദനയും കഷ്ടപ്പാടും മരണവും വരുവാനിടയാക്കിയ സാത്താനെ നിത്യശിക്ഷ വിധിച്ച് നരകത്തിൽ തള്ളും. ദൈവത്തോട് എതിർത്തുനിന്ന സകലരെയും അപ്രകാരം ശിക്ഷിക്കും. നാശം ഭവിച്ച സൃഷ്ടി ഇല്ലാതെയാകും; അതിനു ശേഷം ദൈവം, മരണവും ദുഃഖവും മുറവിളിയും കഷ്ടതയും ഒന്നുമില്ലാത്ത, ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കും. ***"ഇതാ ഞാൻ സകലവും പുതുതാക്കുന്നു"*** എന്ന് ദൈവം അരുളിച്ചെയ്യുന്നു ***(വെളിപ്പാട് 21:5).*** അതിനേക്കാൾ കുറവായത് ഒന്നും ദൈവത്തെ ഒരു കാലത്തും തൃപ്തിപ്പെടുത്തുകയില്ല !

നമ്മുടെ ബൈബിൾ വായനാഭാഗത്ത്, ***"സൃഷ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നു" (റോമർ 8:19)*** എന്നാണു പൗലൊസ് പറഞ്ഞിരിക്കുന്നത്. അത് ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നുള്ള വിടുതൽ പ്രാപിക്കുന്ന ദിവസത്തിനായിത്തന്നേ ആകാംക്ഷയോടെ കാത്തിരിക്കുന്നു. നമ്മുടെ കർത്താവായ യേശു വീണ്ടും തന്റെ തേജസ്സോടും അധികാരത്തോടും കൂടെ വരുമ്പോഴായിരിക്കും അത് സംഭവിക്കുക. അതു സംഭവിക്കുമ്പോൾ, ആദാമിന്റെ പാപത്താലും, അവന്റെ സന്തതികളായ മനുഷ്യരുടെ ആർത്തിയും അത്യാഗ്രഹവും അശ്രദ്ധയും നിമിത്തവും, നാശമായിപ്പോയ സൃഷ്ടിയെ അവൻ പൂർണ്ണമായി യഥാസ്ഥാനത്താക്കും. ആ വലിയ വീണ്ടെടുപ്പിന്റെ ദിവസം വരുന്നതു വരെയും, മനുഷ്യനെയാണ് ദൈവത്തിന്റെ സൃഷ്ടിയെ പരിപാലിക്കുക എന്ന ദൗത്യം ഏല്പിച്ചിരിക്കുന്നത് എന്ന സത്യം, നാം ഓർത്തിരിക്കേണ്ടതാണ്. ***"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടു പോയി ഏദെൻ തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനും അവിടെ ആക്കി" (ഉല്പത്തി 2:15).*** ഓരോ പുതിയ തലമുറയും, ദൈവത്തിൽ നിന്നും ലഭിച്ച ഒരു ദാനം എന്ന നിലയിൽ, അവർ കാത്തു സംരക്ഷിക്കുകയും ആസ്വദിച്ചനുഭവിക്കുകയും ചെയ്യേണ്ടതായ വളരെ വിലയേറിയ ഒരു സമ്മാനം എന്ന നിലയിൽ തന്നേയാണ്, സൃഷ്ടിയെ ***അവരുടെ ആധിപത്യത്തിലേയ്ക്ക് കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്. "കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു" (യാക്കോബ് 5:8)*** എന്ന് ക്രിസ്ത്യാനികൾ എന്ന നിലയിൽ, നമ്മൾ ഉറച്ചു വിശ്വസിക്കുന്നു.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

## പഠനം 4. സൃഷ്ടിയുടെ വീണ്ടെടുപ്പുകാരൻ

**1** ഇക്കാലത്തെ ലോകത്തിന്റെ അസന്തുഷ്ടമായ അവസ്ഥയെ ബൈബിൾ ഏതു പദങ്ങളാലാണ് വിശദീകരിച്ചിരിക്കുന്നത്? 2

..........................................................................................

..........................................................................................

**2** ആദാമിന്റെ പാപത്തിന്റെ ഫലമായി സൃഷ്ടിക്കു കോട്ടം സംഭവിച്ചു. *ഉല്പത്തി 3:17 – 19ൽ* കാണുന്നതു പ്രകാരം ദൈവത്തിൻ റെ ശാപം ഭൂമിയെ ബാധിച്ചതായി പറയുന്ന വാക്യ ഭാഗം എടുത്തെഴുതുക. 3

..........................................................................................

..........................................................................................

..........................................................................................

**3** *യെശയ്യാവ് 11: 6 – 9* ആധാരമാക്കി, കർത്താവായ യേശുക്രിസ്തു മടങ്ങിവന്ന് ഈ ലോകത്തെ ആയിരം ആണ്ടു ഭരിക്കുമ്പോൾ സൃഷ്ടികൾക്കു വരുന്ന മാറ്റത്തെക്കുറിച്ച് നിങ്ങളുടെ സ്വന്തം വാക്കുകളിൽ ചുരുക്കി എഴുതുക 4

..........................................................................................

..........................................................................................

..........................................................................................

**4** ദൈവത്തിന്റെ വീണ്ടെടുപ്പിൽ ജനത്തിന്റെ ആത്മാവിനെന്നപോലെ തന്നേ അവരുടെ ശരീരത്തിനും വീണ്ടെടുപ്പുണ്ടാകും എന്നു വ്യക്തമാക്കുന്ന ഒരു വാക്യം വായനാഭാഗത്തു നിന്ന് എടുത്തെഴുതുക. 4

..........................................................................................

..........................................................................................

..........................................................................................

**5** ഇക്കാലത്ത് ഒരു ക്രിസ്ത്യാനിയുടെ ശരീരത്തിൽ ഒരു അക്രൈസ്തവന്റെ ശരീരത്തെ ബാധിക്കുന്ന എല്ലാ രോഗങ്ങളും ബാധിക്കുന്നുണ്ട്. എന്നാൽ അവർ തമ്മിലുള്ള വ്യത്യാസം, ക്രിസ്ത്യാനിക്ക് ശോഭനമായ ഒരു ഭാവിപ്രത്യാശ ഉണ്ട് എന്നുള്ളതാണ്. *ഫിലിപ്യർ 3:20– 21* വായിച്ചതിനു ശേഷം , ഒരു ക്രിസ്ത്യാനിയുടെ പ്രത്യാശ എന്താണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക. 4

..........................................................................................

..........................................................................................

..........................................................................................

**6** സൃഷ്ടിയെ കാത്തുസംരക്ഷിക്കണമെന്നുള്ള ദൈവത്തിന്റെ കല്പന ഇപ്പോഴും നിലനിൽക്കുന്നു. *ഉല്പത്തി 2:15* വായിച്ചതിനു ശേഷം, അവന്റെ കല്പന നമുക്ക് എപ്രകാരം അനുസരിക്കാമെന്നും അവന്റെ സൃഷ്ടിലോകത്തെ എങ്ങനെ പരിപാലിക്കാമെന്നുമുള്ളതിന് ഉദാഹരണങ്ങൾ എഴുതുക. 3

..........................................................................................

..........................................................................................

..........................................................................................

**7** യേശു തന്റെ വീണ്ടും വരവിനെക്കുറിച്ചു പറഞ്ഞപ്പോൾ, "നിങ്ങളും ഒരുങ്ങിയിരിപ്പിൻ" *(മത്തായി 24:44)* എന്നായിരുന്നു ശിഷ്യന്മാർക്കു കൊടുത്ത ഉപദേശം. ആ വലിയ സംഭവത്തിനു വേണ്ടി എങ്ങനെ ഒരുങ്ങിയിരിക്കുവാൻ കഴിയും എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ ഏറ്റവും വ്യക്തമായി വിവരിക്കുക. 5

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

100
യുണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25
ആകെ മാർക്ക്

© Bible Educational Services, www.besweb.com